നേർക്കാഴ്ച – 16

# ജീവിതം ബലിയാടാക്കപ്പെടുന്ന ഇളംതലമുറ





**ഫിന്നി കാഞ്ഞങ്ങാട്**
finnykanhangad@gmail.com

ഇന്നത്തെ സമൂഹത്തിൽ കുഞ്ഞുങ്ങളും കൗമാരക്കാരും യുവജനങ്ങളും വളരെ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. അതിന് ഫലപ്രദമായ രീതിയിലുള്ള പരിഹാരം യഥാസമയം ലഭിക്കാറില്ല. അതിന് കടപ്പെട്ടവർ യഥാസമയത്തുള്ള പരിഹാരം നൽകി ക്രിയാത്മകമായി ജീവിക്കുവാനാവശ്യമായ സാഹചര്യം ഒരുക്കാതിരിക്കുന്നതുകൊണ്ടുള്ള തിക്തഫലങ്ങൾ ചെറുതല്ല. ഇന്നത്തെ കുടുംബപ്രശ്നങ്ങളും വിവാഹമോചനവും കൂടുതൽ ബാധിക്കുന്നത് വളർന്നുവരുന്ന തലമുറയെയാണ് എന്ന യാഥാർഥ്യം പലരും വിസ്മരിച്ചുപോകുന്നു. തെറ്റുകളിലേക്കും ആകാത്ത ബന്ധങ്ങളിലേക്കും അനാവശ്യമായ ജീവിതസാഹചര്യങ്ങളിലേക്കും ഇന്നത്തെ തലമുറയെ കൊണ്ടെത്തിക്കുന്നതിന്റെ പ്രധാനകാരണങ്ങൾ കുടുംബബന്ധങ്ങളിലെ ദൃഢമില്ലായ്മയും തകർച്ചയുമാണ്.

**കുടുംബപ്രശ്നങ്ങൾ ബാധിക്കുന്ന തലമുറ**

നിസാരപ്രശ്നങ്ങളും അഹംബോധവും വ്യത്യസ്തസാഹചര്യങ്ങളിൽ കുടുംബപ്രശ്നങ്ങളിലേക്കും വിവാഹമോചനത്തിലും കൊണ്ടെത്തിക്കുന്നു.

കേരളത്തിലെ പ്രമുഖ ദിനപത്രത്തിലെ കണക്കുകൾ പരിശോധിച്ചാൽ ഞെട്ടലുളവാക്കുന്ന യാഥാർഥ്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്. കേരളത്തിൽ ഏറ്റവും അധികം വിവാഹമോചനങ്ങൾ നടക്കുന്നത് മധ്യതിരുവിതാംകൂറിലാണ്. സംസ്ഥാനത്തെ പതിനാറ് കുടുംബകോടതികളിൽ ഏറ്റവും കൂടുതൽ കേസ് ഫയൽ ഉൾപ്പെട്ടിരിക്കുന്നത് പത്തനംതിട്ട ജില്ലയിലാണ്. കുടുംബകോടതികളിലെത്തുന്ന കേസുകളിൽ ഭൂരിഭാഗവും വിദ്യാസമ്പന്നരും സാമ്പത്തികമായി ഉയർന്നകുടുംബത്തിലേതുമാണ്. 25 വയസ്സു മുതൽ 35 വയസ്സുവരെയുള്ള വിവാഹിതരിലാണ് ഏറ്റവും കൂടുതൽ കുടുംബപ്രശ്നങ്ങളും വിവാഹമോചനങ്ങളും ഉടലെടുക്കുന്നത്. സംശയവും വിവാഹേതരബന്ധങ്ങളും കുടുംബജീവിതത്തിൽ വില്ലനായി മാറുന്ന ഈ കാലഘട്ടം അപകടകരമായി മാറ്റപ്പെടുന്നു. പരസ്പരധാരണയോടും സ്നേഹത്തോടും കൂടി നയിക്കേണ്ടുന്ന കുടുംബജീവിതം കലുഷിതവും സംഘർഷഭരിതവുമായി മാറ്റപ്പെടുമ്പോൾ അനാഥമാകുന്നത് ഇന്നത്തെ ഇളംതലമുറയാണ്.

**കുഞ്ഞുങ്ങളെ ഇങ്ങനെ ശിക്ഷിക്കണോ?**

തമിഴ്നാട്ടിലെ പ്രശസ്തമായ എൻജിനീയറിംഗ് കോളേജിൽ നടന്ന കൊലപാതകത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് പൊലീസ് നടത്തിയ അന്വേഷണത്തിന്റെ വെളിപ്പെടുത്തലുകൾ ഞെട്ടലുളവാക്കുന്നതായിരുന്നു. ജൂനിയർ വിദ്യാർഥിയെ ക്രൂരമായി കൊലപ്പെടുത്തി ശരീരഭാഗങ്ങൾ വിവിധ കഷണമായി മുറിച്ച് വിവിധ സ്ഥലത്ത് കൊണ്ടിട്ട് രക്ഷപെടുവാൻ ശ്രമിക്കുമ്പോഴാണ് മലയാളിയായ ഈ യുവാവ് പിടിയിലായത്. ഇത്തരത്തിലുള്ള ഒരു കൃത്യം ചെയ്യുവാൻ ഈ യുവാവിന് കാരണമായി മാറിയത് അവന്റെ കുടുംബപശ്ചാത്തലമാണ്. കുടുംബത്തിലെ പ്രശ്നങ്ങൾ കണ്ട് വളർന്ന ബാല്യം, തെറ്റും ശരിയും മനസ്സിലാക്കുവാൻ പ്രാപ്തമായ പ്രായത്തിൽ വിവാഹമോചനം നേടിയ മാതാപിതാക്കൾ... മാതാപിതാക്കളുടെ സ്നേഹവും കരുതലും ഏറ്റുവാങ്ങി ജീവിക്കേണ്ടുന്ന പ്രായത്തിൽ ഹോസ്റ്റലുകളിൽ ഹോമിക്കേണ്ടി വന്ന ജീവിതം. പണവും ജീവിതസൗകര്യങ്ങളും സ്വാതന്ത്ര്യത്തോടെയുള്ള ജീവിതവും അവനെ രൂപപ്പെടുത്തിയത് കൊടുംകുറ്റവാളിയായിട്ടായിരുന്നു.

സ്വാർഥതയും അഹംബോധവും തെറ്റിദ്ധാരണകളും കുടുംബജീവിതത്തെ തകർക്കുമ്പോൾ ബലിയാടാകുന്നത് മക്കളാണ് എന്ന യാഥാർഥ്യം നിഷേധിക്കുവാൻ കഴിയാത്തതാണ്. ശരിയായ മൂല്യങ്ങളിൽ വളരുവാനാവശ്യമായ ജീവിതനിർദേശങ്ങളും ഉപദേശങ്ങളും ലഭിക്കേണ്ടുന്ന പ്രായത്തിൽ ഹോസ്റ്റലുകളിലും അനാഥശാലകളിലും കുഞ്ഞുങ്ങളെ തള്ളുന്നവർ ഒരു വസ്തുത മനസ്സിലാക്കുക, നിങ്ങൾ വളർത്തിയെടുക്കുന്നത് അനാരോഗ്യകരമായ തലമുറയെയാണ്.

വിവാഹമോചനം നേടുന്ന പിതാവിനോ മാതാവിനോ ചിലപ്പോൾ മറ്റൊരു ജീവിതം ലഭിച്ചുവെന്ന് വന്നേക്കാം. എന്നാൽ മക്കൾക്ക് ലഭിക്കുന്നത് അനാഥത്വവും അവഗണനയും മാത്രമാണ്. സമൂഹത്തിലും കുടുംബത്തിലും ഒറ്റപ്പെടലുകളും പരിഹാസപാത്രമായി മാറുകയും ചെയ്യുന്ന ഇന്നത്തെ ബാല്യവും കൗമാരവും അപകടകരമായ വ്യക്തികളായി മാറ്റപ്പെടുന്നതിന്റെ ധാർമിക ഉത്തരവാദിത്തം മാതാപിതാക്കൾക്കാണ്.

**ബന്ധങ്ങൾ മനുഷ്യൻ വേർപിരിക്കരുത്**

കുടുംബം എന്ന വ്യവസ്ഥിതി ദൈവത്താൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. കുടുംബം എന്ന ചെറിയ സമൂഹത്തിൽ രൂപപ്പെട്ടു വരേണ്ട ഇന്നത്തെ തലമുറയാണ് കുടുംബപ്രശ്നങ്ങളിലൂടെയും വിവാഹമോചനത്തിലൂടെയും ജീവിതതകർച്ചയെ അഭിമുഖീകരിക്കുന്നത്. ആത്മിയജീവിതത്തിൽ അനുഷ്ഠിക്കേണ്ടതായ നിയമങ്ങൾ പോലെ തന്നെ പ്രാധാന്യമുള്ളവയാണ് ദൈവം നമുക്ക് ദാനമായി നൽകിയ ജീവിതത്തിലെ നിലനിൽപിനാവശ്യമായ നിയമങ്ങളും. ആത്മിയജീവിതത്തിനു നൽകേണ്ട അതേ പരിഗണന നമ്മുടെ സ്വയം ജീവിതത്തിലും നൽകേണ്ടത് ആവശ്യമാണ്. സ്വയജീവിതത്തിൽ അനുഷ്ഠിക്കേണ്ട കടപ്പാടുകളും ഉത്തരവാദിത്തങ്ങളും അവഗണിച്ചുകളയുന്നത് ദൈവവചനത്തിന് അധിഷ്ഠിതമായ നിലപാടുകളല്ല. നിസാരമായ പ്രശ്നങ്ങളും തെറ്റിദ്ധാരണകളും പരിഹരിച്ച് മുമ്പോട്ട് ജീവിതം നയിക്കേണ്ടത് നല്ല കുടുംബങ്ങൾ രൂപപ്പെടുവാൻ സഹായകമാണ്. പിതാവും മാതാവും മക്കളും ഒരുമിച്ച് സന്തോഷത്തോടെ ജീവിക്കുന്ന കുടുംബങ്ങളാണ് ഭൂമിയിൽ യഥാർഥസ്വർഗം പണിയുന്നത്. നല്ല തലമുറ ഇന്ന് വളർന്നു വന്നാൽ മാത്രമേ നാളെ നല്ല കുടുംബങ്ങൾ ഉണ്ടാകുകയുള്ളൂ. ദൈവം തന്ന കുടുംബജീവിതം 'മനുഷ്യനാൽ വേർപിരിക്കാതെ' നമ്മുടെ തലമുറയുടെ ഭാവിജീവിതത്തെ അവഗണിക്കാതെ ഉത്തമവും മാതൃകാപരവുമായ കുടുംബജീവിതം പടുത്തുയർത്തുവാൻ നമുക്ക് കഴിയണം. മക്കൾ വിലപ്പെട്ടവരാണ്.

സ്വാർഥതയും അഹംബോധവും തെറ്റിദ്ധാരണകളും കുടുംബജീവിതത്തെ തകർക്കുമ്പോൾ ബലിയാടാകുന്നത് മക്കളാണ് എന്ന യാഥാർഥ്യം നിഷേധിക്കുവാൻ കഴിയാത്തതാണ്. ശരിയായ മൂല്യങ്ങളിൽ വളരുവാനാവശ്യമായ ജീവിതനിർദേശങ്ങളും ഉപദേശങ്ങളും ലഭിക്കേണ്ടുന്ന പ്രായത്തിൽ ഹോസ്റ്റലുകളിലും അനാഥശാലകളിലും കുഞ്ഞുങ്ങളെ തള്ളുന്നവർ ഒരു വസ്തുത മനസ്സിലാക്കുക, നിങ്ങൾ വളർത്തിയെടുക്കുന്നത് അനാരോഗ്യകരമായ തലമുറയെയാണ്.